III ഇ.ബി..XII-കേരള നിയമസഭ/I-10

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ജൂൺ 27, ചൊവ്വ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കപ്പെടുകയും അവയിൽ *136, &*153 എന്നിവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കുപകരം ധനകാര്യ വകുപ്പുമന്ത്രിയും *137-ന് മുഖ്യമന്ത്രിയും മറുപടി നൽകി.

**II. ശ്രദ്ധ ക്ഷണിക്കൽ**

(1) മിശ്രവിവാഹിതരായ പട്ടികവർഗ്ഗ സ്ത്രീകളുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പിതാവിന്റെ ജാതി യാണ് പരിഗണിയ്ക്കേണ്ടതെന്ന കോടതിവിധിക്കനു സൃതമായ സർക്കാർ ഉത്തരവ് മൂലം പട്ടികവർഗ്ഗക്കാർക്ക്

ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് ശ്രീ. കെ. ബി. ഗണേഷ്കുമാർ പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

(2) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള അർഹരായ തൊഴിലാളികൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകളിലേയ്ക്ക് ശ്രീ. എൻ. രാജൻ തൊഴിലും എക്സൈസും വകുപ്പു മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

**III. സബ്മിഷൻ**

(1) വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി

(2) കോയമ്പത്തൂർ സെൻട്രൽ ജയിലിൽ കഴിയുന്ന അബ്ദുൾ നാസർ മ്അദനിയുടെ ചികിത്സയും സുരക്ഷയും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത

സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) റിട്ടയേർഡ് ടീച്ചേഴ്സ് ആന്റ് എംപ്ളോയീസ് യൂണിയൻ 2006 ജൂൺ 27–ന് നടത്തുന്ന ധർണ്ണ സംബന്ധിച്ച് ശ്രീ.സി.പി.മുഹമ്മദ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(4) നെടുങ്കണ്ടം 66 കെ.വി. സബ്സ്റ്റേഷന്റെ കമ്മീഷനിംഗ് സംബന്ധിച്ച് ശ്രീ. കെ.കെ. ജയചന്ദ്രൻ ഉന്നയിച്ച സബമിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് ശ്രീ. പള്ളിപ്രം ബാലൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(6) ലോകവ്യാപാര സംഘടനയുടെ സംരക്ഷിത പട്ടികയിൽ കേരളത്തിന്റെ കാർഷികോല്പന്നങ്ങൾകൂടി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

(7) ചിറ്റൂർപ്പുഴയുടെ മൂലത്തറ ആർ.ബി.കനാൽ വേലന്താവളംവരെ നീട്ടേണ്ടത് സംബന്ധിച്ച്

ശ്രീ. കെ. അച്ചുതൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(8) വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ കാട്ടാന ശല്യംമൂലം കർഷകർക്കും മറ്റും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ശ്രീ. കെ. സി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) മാവേലിക്കരയിൽ 24.06.2006–ന് നടന്ന ഇരട്ടക്കൊല പാതകം സംബന്ധിച്ച് ശ്രീ. എം. മുരളി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) പത്തനംതിട്ട ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. കെ. ശിവദാസൻ നായർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) കുളത്തൂപ്പുഴ പഞ്ചായത്തിലെ ആദിവാസി മേഖലയിൽ ശുദ്ധജലവിതരണം നിറുത്തിവച്ചിരിക്കുന്നതുമൂല മുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ.

രാജു ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പു മന്ത്രി മറുപടി നൽകി.

12. പേരാമ്പ്ര ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

13. ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി നിർമ്മാണം ത്വരിതപ്പെടുത്തേണ്ടത് സംബന്ധിച്ച് ശ്രീ. എ. പ്രദീപ് കുമാർ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

14. കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖം വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

15. വാഴക്കുളം പഞ്ചായത്തിൽ കാർബൺ കമ്പനിക്ക് ഗ്രൗണ്ട് വാട്ടർ അതോറിറ്റി ജലമെടുക്കാൻ അനുമതി നൽകിയത് സംബന്ധിച്ച് ശ്രീ. എം. എം.

മോനായി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

16. ഹഡ്കോ കുടിവെള്ള പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി. എം. ദിനേശ്മണി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

17. വാടാനപ്പിള്ളി–കാഞ്ഞാണി–തൃശൂർ റോഡ് സ്റ്റേറ്റ് ഹൈവേയാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

18. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം "ശ്രീധരീയം" നേത്ര ചികിൽസാ കേന്ദ്രത്തിൽ നടക്കുന്ന സമരം സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രിയും ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിയും മറുപടി നൽകി.

19. വൈദ്യുതാഘാതമേറ്റു മരണപ്പെട്ട ഏലിയാമ്മ തങ്കച്ചന്റെയും ജ്യോതിസ് മാനുവലിന്റെയും കുടുംബത്തിന് കെ.എസ്.ഇ.ബി. നഷ്ടപരിഹാരം നൽകേണ്ടത് സംബന്ധിച്ച് ശ്രീ. പി. സി. ജോർജ്

ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

## IV. ഉത്തരത്തിലെ തിരുത്ത്

26–6–2006–ലെ നക്ഷത്രചിഹ്നമിട്ട 124–ാം നമ്പർ ചോദ്യത്തിൽ (എ) പിരിവിന്റെ തിരുത്തിയ ഉത്തരം മരാമത്ത് വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## V ക്രമപ്രശ്നം

തിരുത്തിയ ഉത്തരം സഭയിൽ വയ്ക്കുന്നതിനുമുമ്പ് പത്രസമ്മേളനം നടത്തിയതു സംബന്ധിച്ച്

(1) തിരുത്തിയ ഉത്തരം സഭയിൽ വയ്ക്കുന്നതിന് മുമ്പ് പത്രസമ്മേളനം നടത്തിയത് സഭയോടുള്ള അവഹേളന മാണെന്നും ഇതൊരു പ്രിവിലേജ് ഇഷ്യൂ ആണെന്നും സർവ്വശ്രീ. തിരുഞ്ചൂർ രാധാകൃഷ്ണൻ, കെ. സി. ജോസഫ്, ജോസഫ് എം. പുതുശ്ശേരി എന്നീ അംഗങ്ങൾ ക്രമപ്രശ്നം ഉന്നയിച്ചു. തിരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കീഴ് വഴക്കമുണ്ടെന്നും പ്രിവിലേജ് ഇഷ്യൂ ഉന്നയിക്കാൻ ചട്ടം അനുസരിച്ചേ കഴിയൂ എന്നതിനാലും ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണമെന്ന് നിയമവകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. തിരുത്തിയ ഉത്തരം സഭയുടെ അനുമതിയോടെ സഭയുടെ മേശപ്പുറത്തുവയ്ക്കാം. എന്നാൽ അതിന് മുമ്പ് പത്രസമ്മേളനം നടത്തുന്നതും പത്രത്തിൽ വരുന്നതും

അനാരോഗ്യപരമായ പ്രവണതയാണെന്നും26-6-2006-ന് ശ്രീ. കെ. എം. മാണി നടത്തിയ പരാമർശത്തിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകുന്നതിനുമുമ്പായി ശ്രീ. കെ. എം. മാണി പത്രസമ്മേളനം നടത്തിയത് ശരിയല്ലായെന്നും ഇക്കാര്യം ആവർത്തിക്കരുതെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

## (2) <u>സ്വാശ്രയ കോളേജുകൾക്ക് ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച്</u>

സ്വാശ്രയ കോളേജുകൾക്ക് ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച് തീർപ്പ്കൽപ്പിക്കുന്ന കാര്യത്തിൽ സർക്കാർ ദേശീയ ന്യൂനപക്ഷ കമ്മീഷൻ സെക്രട്ടറിയേയും മറ്റും കണ്ട് യഥാസമയം വിവരം ധരിപ്പിക്കുകയോ ഫാക്സ് സന്ദേശം നൽകുകയോ ചെയ്തിട്ടില്ലെന്ന് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഉന്നയിച്ച ക്രമപ്രശ്നത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ വിശദീകരണം തൃപ്തികരമല്ലെന്ന് ആരോപിച്ചും ഫാക്സ് സന്ദേശത്തിന്റെ കോപ്പി പൂർണ്ണമായി സഭയുടെ മേശപ്പുറത്തു വയ്ക്കാത്തതിൽ പ്രതിഷേധിച്ചും പ്രതിപക്ഷം ഒന്നടങ്കം വാക്കൗട്ട് നടത്തുകയും അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തുകയും ചെയ്തു.

## VI ധനകാര്യം

### 2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ ക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ എം. ഹംസ, കെ. ബാബു, പള്ളിപ്രം ബാലൻ, പി. കെ. അബ്ദുറബ്ബ്, ജോസ് തെറ്റയിൽ, കെ. എം. മാണി, വി. സുരേന്ദ്രൻ പിള്ള, കെ. ബി. ഗണേഷ് കുമാർ, കോവൂർ കുഞ്ഞുമോൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, എ. കെ. ശശീന്ദ്രൻ, മഞ്ഞളാംകുഴി അലി, ബാബു എം. പാലിശ്ശേരി, കെ. സി. രാജഗോപാലൻ, കെ. സി. വേണുഗോപാൽ, എ. എം. ആരിഫ്, കെ. കെ. ദിവാകരൻ, എം. മുരളി, കെ. രാജു, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, സി. പി. മുഹമ്മദ്, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നീ അംഗങ്ങൾ സംസാരിച്ചു.

## VII. വ്യക്തിപരമായ വിശദീകരണം

സഭാ സമ്മേളനം നടക്കുമ്പോൾ സഭയിൽ ഉന്നയിക്കേണ്ടതും പറയേണ്ടതുമായ കാര്യങ്ങൾ പത്രസമ്മേളനം നടത്തി പറയുന്നതിനെതിരെ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ നൽകിയ റൂളിംഗിൽ അത്തരം അനാരോഗ്യകരമായ

പ്രവണതകൾ ആവർത്തിക്കരുതെന്ന് പറഞ്ഞിരുന്നു. ആ റൂളിംഗ് ഉദ്ധരിച്ചുകൊണ്ട് ശ്രീ. കെ. എം. മാണി വിശദീകരണം നൽകി.

2006 ജൂൺ 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4. 50-ന് പിരിഞ്ഞു.